പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3932

11/11/2019 ൽ മറുപടി നല്കേണ്ടത്.

## വഴിയോരങ്ങളിൽ തുറന്നുവച്ച് വിൽപ്പന നടത്തുന്ന ഭക്ഷ്യവസ്തുക്കൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സജി ചെറിയാൻ** | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ ) ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വന്ന് വഴിയോരങ്ങളിൽ തുറന്നു വച്ച് കച്ചവടം നടത്തുന്ന ചക്കര/ശർക്കരഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധനാ വിധേയമാക്കുന്നുണ്ടോ ;<br><br>ബി) ഈച്ചകളും പൊടിയും നിറയുന്ന വഴിയോര കച്ചവട സാമഗ്രികളുടെ ശുദ്ധത ഉറപ്പു വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | എ) & ബി) സംസ്ഥാനത്ത് ലഭ്യമായ ശർക്കരയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് 'ഓപ്പറേഷൻ പനേല' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പരിശോധനയിൽ ഗുണനിലവാരമില്ലാത്തതായി കണ്ടെത്തുന്ന ശർക്കര വിൽപന നടത്തുന്നവർക്കെതിരെ 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള നിയമനടപടികൾ സ്വീകരിച്ച വരുന്നു. സംസ്ഥാനത്ത് വഴിയോരങ്ങളിൽ വിൽക്കുന്ന ഭക്ഷ്യ പദാർത്ഥങ്ങളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിന് എല്ലാ ജില്ലകളിലും ഒരു മാസത്തിൽ മൂന്ന് ദിവസത്തെ പ്രത്യേക പരിശോധനകൾ നടത്തി വരുന്നു. കൂടാതെ, ഇത്തരം കച്ചവടക്കാരെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ 'Clean Street Food Hub' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ